# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2858 — 02.04.2013-ന് മറുപടിയ്ക്ക്

### തുടർച്ചാനുമതി ആവശ്യമുള്ള താൽക്കാലിക തസ്തികകളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) തുടർച്ചാനുമതി ആവശ്യമുള്ള താൽക്കാലിക തസ്തികകളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; | (എ) താത്കാലിക ഗണത്തിൽപ്പെട്ട 103 പൊന്നുംവില ഓഫീസുകളും 20 റവന്യൂ റിക്കവറി ഓഫീസുകളും 9 സ്പെഷ്യൽ ഭൂമി പതിവ് ഓഫീസുകൾ, കളക്ടറേറ്റ്, ലാന്റ് ബോർഡ്, ലാന്റ് റവന്യൂ കമ്മീഷണറേറ്റ് എന്നീ ഓഫീസുകളിലെ ചില തസ്തികകൾ ഉൾപ്പെടെ 5068 തസ്തികകൾ തുടർച്ചാനുമതി ഉള്ള വയാണ്. |
| (ബി) ഇത്തരത്തിൽ അനുമതി ലഭിച്ച തസ്തിക അടിസ്ഥാനത്തിലുള്ള എണ്ണം ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ; അനുമതി ലഭിക്കാത്തവയ്ക്ക് ഉടൻ തുടർച്ചാനുമതി നൽകുമോ;<br>(സി) പ്രസ്തുത തസ്തികയിൽ ജോലി ചെയ്യുന്നവരിൽ എറണാകുളം ജില്ലയിലെ ഏതെല്ലാം ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) & (സി) സംസ്ഥാനത്ത് 103 പൊന്നും വില ഓഫീസുകളിലെ 1568 താത്ക്കാലിക തസ്തികകൾക്ക് 31.08.2013 വരെയും ദുരന്തനിവാരണ പ്രവൃത്തികൾക്കായുള്ള 546 താത്കാലിക തസ്തികകൾക്കും ഭൂപരിഷ്കരണ പ്രവൃത്തികൾക്കായി താലൂക്ക് ലാന്റ് ബോർഡിനോട് അനുബന്ധിച്ച് സൃഷ്ടിച്ചിട്ടുള്ള 370 താത്കാലിക തസ്തികകൾക്കും 31.03.2013 വരെ തുടർച്ചാനുമതി നൽകി ഉത്തരവായിട്ടുണ്ട്. ലാന്റ് അക്വിസിഷൻ യൂണിറ്റുകൾ ഒഴികെയുള്ള താത്കാലിക ഗണത്തിൽപ്പെട്ട 3525 താത്കാലിക തസ്തികകൾക്കും 31.08.2013 വരെ തുടർച്ചാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. താത്കാലികാടിസ്ഥാനത്തിൽ പ്രവർത്തിച്ചു വരുന്ന തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നത് ജില്ലാടിസ്ഥാനത്തിലല്ല, മറിച്ച് ഓരോ യൂണിറ്റുകളുടെ/ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയാണ്. |

| | |
|---|---|
| (ഡി) ജീവനക്കാരുടെ വേതനം തടയാതിരിക്കാൻ മുൻകരുതൽ നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) വേതനം തടസ്സപ്പെടാതിരിക്കാൻ പരമാവധി ശ്രമങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ